ഈ പദ്ധതി ബാങ്ക് വായ്പ സഹായത്തോടെയാണ് നടപ്പാക്കുന്നത്. അപ്രകാരം ഓരോ ജില്ലകളിലും നിലവിൽ ചെലവഴിച്ച തുകയും വിതരണം ചെയ്യുവരുന്ന യൂണിറ്റുകളെയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

ജില്ല	ചെലവഴിച്ച തുക (ലക്ഷം രൂപ)	നൽകിവരുന്ന യൂണിറ്റ്
തിരുവനന്തപുരം	6.75	5
കൊല്ലം	4.05	3
ആലപ്പുഴ	17.55	13
പത്തനംതിട്ട	27	20
കോട്ടയം	13.5	10
ഇടുക്കി	20.25	15
എറണാകുളം	13.5	10
തൃശ്ശൂർ	13.5	10
പാലക്കാട്	27	20
മലപ്പുറം	16.2	12
കോഴിക്കോട്	13.5	10
കണ്ണൂർ	31.05	23
കാസർഗോഡ്	10.8	8
വയനാട്	2.7	2

താറാവ് കർഷകർക്ക് നഷ്ടപരിഹാരം

193 (4233) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

താറാവുരോഗവുമായി ബന്ധപ്പെട്ട് താറാവുകൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരമായി എത്ര തുക വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ ; എത്ര കർഷകർക്ക് ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യം ലഭിച്ചുവെന്ന വ്യക്തമാക്കാമോ ; രോഗം ബാധിച്ച് എത്ര താറാവുകൾ നഷ്ടപ്പെട്ടുവെന്ന് കണക്കാക്കിയിട്ടുണ്ടോ ?

ഉത്തരം

താറാവുകളിലെ പക്ഷിപ്പനി രോഗവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരമായി 4,21,61,730 രൂപ വിതരണം ചെയ്തിട്ടുണ്ട്. 412 കർഷകർക്ക് ഇപ്രകാരം ആനുകൂല്യം ലഭിച്ചിട്ടുണ്ട്. 9738 താറാവുകൾ പക്ഷിപ്പനി ബാധിച്ച് നഷ്ടപ്പെട്ടു.

കെപ്കോ ചിക്കൻ

194 (4234) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ചിക്കൻ വില കത്തനെ കൂട്ടാനുണ്ടായ കാരണം എന്താണ് ;

(ബി) പൊതുവിപണിയിലെ ചിക്കന്റെ വിലയും കെപ്കോ ചിക്കന്റെ വിലയും തമ്മിലുള്ള അന്തരം വ്യക്തമാക്കാമോ ;

(സി) കെപ്കോ ചിക്കന്റെ വിലക്കയറ്റം സ്വകാര്യ കച്ചവടക്കാരെ സഹായിക്കാനാണെന്ന ആക്ഷേപം സംബന്ധിച്ച് വിശദമാക്കാമോ ;

(ഡി) വിലക്കയറ്റം കെപ്കോയുടെ പ്രവർത്തനത്തെ എത്രത്തോളം ബാധിക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഇതിനു മുൻപ് അവസാനമായി കോഴിയിറച്ചിയുടെ വില കൂട്ടിയത് 5-6-2013 -ലാണ്. അന്ന് മുതൽ ഒരു കിലോ കോഴിയിറച്ചി (whole chicken without skin) 137 രൂപ + 14.5% വാറ്റ് എന്ന നിരക്കിലാണ് വിറ്റിരുന്നത്. അത് 1-7-2015 മുതൽ 170 രൂപ + 14.5% വാറ്റ് എന്ന നിരക്കിലാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. കിലോയ്ക്ക് 80 മുതൽ 100 രൂപ വരെ വിലയുള്ള ജീവനുള്ള കോഴിയെ സംസ്കരിക്കുമ്പോൾ 66 % ഡ്രസ്സിംഗ് കറവ് കണക്കാക്കിയാൽ ഒരു കിലോ കോഴിയിറച്ചിക്ക് 150 രൂപയാകും.

LIBRARY ARCHIVES Kerala Legislative Assembly